# സുന്നത്തിന്റെ സ്ഥാനം ഇസ്‌ലാമിൽ

﴿ مكانة السنة في الإسلام ﴾

[ Malayalam – മലയാളം – مليالم ]


ഡോ : സ്വാലിഹ് ബ്നു ഫൗസാൻ അൽഫൗസാൻ

د. صالح بن فوزان بن الفوزان


വിവർത്തനം : ശക്കീർ ഹുസൈൻ സ്വലാഹി മമ്പാട്ടുമൂല

ترجمة :شاكر حسين محمد الصلاحي

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ &
ഗൈഡൻസ്

റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بربوة

الرياض ، المملكة العربية السعودية

islamhouse.com

1431– 2010

# സമർപ്പണം

ശൈഖ് സ്വാലിഹ് ബ്നു ഫൗസാന്റെ

മകാനത്തുസ്സുന്ന ഫിൽ ഇസ്‌ലാം

എന്ന പേരിൽ സുന്നത്തിനെക്കുറിച്ചുള്ള

ഒരു പ്രഭാഷണത്തിന്റെ വിവർത്തനമാണ് നിങ്ങളുടെ കൈകളിൽ .

സ്ഖലിതങ്ങൾ മനുഷ്യ സഹജമാണല്ലോ!, സൂചിപ്പിക്കുന്നവരോട് നന്ദിയുള്ളവനായിരിക്കും.

അല്ലാഹു നമ്മുടെ സൽ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുമാറാകട്ടെ.

വിവർത്തകൻ,

**ശാക്കിർ ഹുസൈൻ സ്വലാഹി**
**മമ്പാട്ടുമൂല**

**പരമകാരുണ്യകനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

അല്ലാഹുവിന് സർവ്വ സ്തുതിയും ,

''എനിക്ക് ഖുർആനും അതുപോലുള്ളതും നൽകപ്പെട്ടിരിക്കുന്നു.'' എന്ന് പ്രസ്താവിച്ച അവസാനത്തെ പ്രവാചകനിൽ സ്വലാത്തും സലാമും വർഷിക്കട്ടെ.

പ്രവാചകന്മാരുടെ ഇടവേളക്ക്ശേഷം സന്മാർഗ്ഗവും സത്യമതവും കൊണ്ട് സുവിശേഷമറിയിക്കുന്നവനും താക്കീതുകാരനും പ്രകാശം നൽകുന്ന വിളക്കുമായി അല്ലാഹു മുഹമ്മദ് നബി(ﷺ)യെ അയച്ചു, അദ്ദേഹം അന്ധതയിൽനിന്ന് വെളിച്ചവും വഴികേടിൽനിന്ന് നേർമാർഗവും കാണിച്ച് തരികയും വ്യക്തമായ പ്രബോധന ദൗത്യം എത്തിക്കുകയുംചെയ്തു. അതിന്റെ രാത്രിപോലും പകൽപോലെയുള്ള വെളിച്ചത്തിലാണ് അവിടുന്ന് സമുദായത്തിന് ബാക്കിവെച്ചത്.

പ്രവാചക തിരുമേനി(ﷺ) തന്റെ ജനതയെ തെളിഞ്ഞ പാതയിൽ വിട്ടേച്ച് ഇങ്ങനെ അരുളി :

നിശ്ചയമായും ഞാൻ നിങ്ങളിൽ രണ്ടു കാര്യം വിട്ടേച്ചുപോകുന്നു. അത് മുറുകെ പിടിക്കുന്നിടത്തോളം നിങ്ങൾ വഴിപിഴക്കുകയില്ല തന്നെ. അല്ലാഹുവിന്റെ കിതാബും (ഖുർആൻ) എന്റെ ചര്യയുമെത്രെ അത്. (മുവത്വ : 1594)

നബി(ﷺ)പറഞ്ഞു :

" فإنه من يعش منكم بعدي فسيرى اختلافا كثيرا فعليكم بسنتي وسنة الخلفاء المهديين الراشدين تمسكوا بها وعضوا عليها بالنواجذ وإياكم ومحدثات

الأمور فإن كل محدثة بدعة وكل بدعة ضلالة " (رواه أبوداود ٤٦٠٧ قال الشـيخ الألباني : صحيح)

എനിക്ക് ശേഷം നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ധാരാളം അഭിപ്രായഭിന്നതകൾ കണ്ടേക്കാം അപ്പോൾ എന്റെ സുന്നത്തും സച്ചരിതരായ മുൻഗാമികളുടെ ചര്യയും നിങ്ങൾ മുറുകെപ്പിടിക്കുക അതിനെ അണപ്പല്ല് കൊണ്ട് കടിച്ച് പിടിക്കുക മതത്തിലെ നൂതനാചാരങ്ങൾ സൂക്ഷിക്കുക.എല്ലാ പുതിയതും അനാചാരമാകുന്നു. എല്ലാ അനാചാരവും വഴികേടാകുന്നു. (അബൂദാവൂദ്:4607)

ഈ അനുഗ്രഹീത സദസ്സിലെ നമ്മുടെ സംസാര വിഷയം പ്രവാചക ചര്യയെക്കുറിച്ചും ഇസ്ലാമിൽ നബി ചര്യക്കുള്ള സ്ഥാനത്തെ കുറിച്ചുമാകുന്നു.

സുന്നത്ത് എന്നാൽ ഭാഷയിൽ 'മാർഗ്ഗ'മെന്നാണർത്ഥം.

അല്ലാഹു പറയുന്നു: فَهَلْ يَنظُرُونَ إِلَّا سُنَّتَ الْأَوَّلِينَ {فاطر/٤٣}

''അപ്പോൾ പൂർവ്വികന്മാരുടെ കാര്യത്തിൽ ഉണ്ടായ നടപടി ക്രമമല്ലാതെ എന്താണവർ കാത്തിരിക്കുന്നത് ''? (ഫാതിർ 43)

മാർഗ്ഗം നടപടി അതായത് അല്ലാഹു സത്യനിഷേധികളിലും പ്രവാചകന്മാരെ ധിക്കരിച്ച ജനതയിലും എടുത്ത നടപടി എന്ന് വിവക്ഷ. പ്രവാചകന്മാരെ ധിക്കരിച്ചവരെ ശിക്ഷിക്കുക എന്നതാണ് അല്ലാഹുവിന്റെ നടപടിക്രമം റസൂൽ(ﷺ) അരുളി :

- لتتبعن سنن من كان قبلكم (صحيح البخاري ٦٨٨٩)

''നിങ്ങൾ നിങ്ങളുടെ മുൻഗാമികളുടെ മാർഗ്ഗം പിൻപറ്റുകതന്നെ ചെയ്യും (ബുഖാരി :6889)

എന്നാൽ ഹദീസ് പണ്ഡിതന്മാരും ഹദീസ് നിദാന ശാസ്ത്ര പണ്ഡിതന്മാരും കർമ്മശാസ്ത്രകാരന്മാരും സുന്നത്തി

നെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. സുന്നത്തെന്നാൽ നബി (ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട വാക്ക് , പ്രവർത്തി , അംഗീകാരം എന്നിവ ചില പണ്ഡിതന്മാർ നബി(ﷺ)യുടെ ഗുണം (صفة) കൂടി കൂട്ടിച്ചേർത്തിരിക്കുന്നു. നബി(ﷺ)യിൽ നിന്ന് 'സ്ഥിരപ്പെട്ടത് ' എന്നാണ് ശരീഅത്ത് പണ്ഡിതന്മാർ നിർവ്വചിച്ചത് .

ഇസ്ലാമിൽ സുന്നത്തിന്റെ പ്രാധാന്യവും സ്ഥാനവും ഉന്നതവും മഹത്തരവുമാകുന്നു. അത് ഖുർആൻ കഴിഞ്ഞാലുള്ള രണ്ടാം അടിസ്ഥാന പ്രമാണമായി നിൽക്കുന്നു. ഒന്നാമത്തെ അടിത്തറ അല്ലാഹു അവന്റെ പ്രവാചകന് അവതരിപ്പിച്ചു കൊടുത്ത മാർഗദർശനമായ ഖുർആനാകുന്നു.

മതത്തിന്റെ എല്ലാകാര്യങ്ങളും ഖുർആനും ഹദീസുമാകുന്ന മഹത്തായ രണ്ട് പ്രമാണങ്ങളിലേക്ക് മടങ്ങുന്നു. തത്സംബന്ധമായ പ്രവാചക നിർദ്ദേശം ഇങ്ങിനെയാണ്.

:تركت فيكم أمرين لن تضلوا ما تمسكتم بهما كتاب الله وسنة نبيه ( الموطأ :١٥٩٤)

''ഞാൻ നിങ്ങളിൽ രണ്ടു കാര്യം വിട്ടേച്ചുപോകുന്നു. അല്ലാഹുവിന്റെ കിതാബിനെയും അവന്റെ നബിയുടെ ചര്യയുമാണത്. (മുവത്വ :1594)

കാരണം പ്രവാചകചര്യ ദൈവിക സന്ദേശം (وحـي) ആകുന്നു.

وَمَا يَنطِقُ عَنِ الْهَوَى {٣} إِنْ هُوَ إِلَّا وَحْيٌ يُوحَى {٤} ( النجم :3,4)

അദ്ദേഹം (മുഹമ്മദ് നബി(ﷺ)) തന്നിഷ്ടപ്രകാരം സംസാരിക്കുന്നില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. (നജ്മ് : 3,4)

അപ്പോൾ സുന്നത്ത് അല്ലാഹു അവന്റെ പ്രവാചകന് ന ൽകിയ ദിവ്യ സന്ദേശമാകുന്നു. പ്രവാചക തിരുമേനി(ﷺ) ദൈ വീക സന്ദേശത്തിലെ കൽപനകളും നിരോധങ്ങളും ജനങ്ങളി ലേക്കെത്തിക്കുന്നു.

സുന്നത്ത് വിശുദ്ധ ഖുർആനിനെ വിവരിക്കുകയും കൂടു തൽ സ്പഷ്ടമാക്കുകയും ചെയ്യുന്നു. ഖുർആൻ പൊതുവായി (عام)പറഞ്ഞതിനെ പ്രത്യേക (خاص) മാക്കുകയും നിരുപാധികം (مطلق)പറഞ്ഞതിനെ ഉപാധി (قيد) വെയ്ക്കുകയും ചില വിധിക ളെ ദുർബലപ്പെടുത്തുകയും ചിലതിന് ഖുർആനിലുള്ളതിനേ ക്കാൾ വിവരണം നൽകുകയുംചെയ്യുന്നു.

സുന്നത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു വചനം നോക്കൂ.

وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ {النحل :٤٤}

ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ച് കൊടുക്കാൻവേണ്ടിയും നിനക്ക് നാം ഉൽബോധനം അവതരി പ്പിച്ചു തന്നിരിക്കുന്നു, (നഹ്ൽ : 44)

അല്ലാഹു ഖുർആനിനെ ഇറക്കുകയും അത് വിശദീകരി ക്കാനുള്ള ചുമതല അവന്റെ പ്രവാചകനെ ഏൽപിക്കുകയും ചെയ്തു ആ വിശദീകരണമാകുന്നു സുന്നത്ത്

وَمَا أَرْسَلْنَا مِن رَّسُولٍ إِلاَّ بِلِسَانِ قَوْمِهِ لِيُبَيِّنَ لَهُمْ ( إبراهيم : ٤ )

'യാതൊരു ദൈവ ദൂതനേയും തന്റെ ജനതയ്ക്ക് (കാര്യങ്ങൾ) വിശദീകരിച്ച് കൊടുക്കുന്നതിന് വേണ്ടി അവരുടെ ഭാഷയിൽ (സന്ദേശം നൽകികൊണ്ട്) അല്ലാതെ നാം നിയോഗിച്ചിട്ടില്ല. (ഇ ബ്റാഹീം : 4 )

ഈ സമൂഹത്തിലേക്ക് വന്ന പ്രവാചകൻ അവർക്ക് മത കാര്യങ്ങൾ വിശദീകരിച്ചുകൊടുക്കുന്നു. ഉദാ: അല്ലാഹു വിശുദ്ധ ഖുർആനിലൂടെ നമസ്കരിക്കാൻ കൽപിച്ചു എന്നാൽ സുബഹ്, ളുഹ്റ്, അസ്വർ, മഗ്രിബ്, ഇശാഅ്  എന്നീ നമസ്കാരങ്ങളുടെ റക്അത്തിന്റെ എണ്ണം വിവരിച്ചിട്ടില്ല. മൊത്തത്തിൽ പറഞ്ഞതായ സൂക്തങ്ങൾ കാണാം .

وَأَقِمِ الصَّلَاةَ إِنَّ الصَّلَاةَ تَنْهَى عَنِ الْفَحْشَاء وَالْمُنكَرِ (العنكبوت : ٤٥)

നീ നമസ്കാരം മുറപോലെ നിർവ്വഹിക്കുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു. (അൽകബൂത്ത് : 45)

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاء وَيُقِيمُوا الصَّلَاةَ ( البينة : ٥ )

കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജു മനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനുമല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. (അൽ ബയ്യിന : 5)

فَإِن تَابُواْ وَأَقَامُواْ الصَّلاَةَ وَآتَوُاْ الزَّكَاةَ فَخَلُّواْ سَبِيلَهُمْ ( التوبة : ٥)

അവർ പശ്ചാതപിക്കുകയും നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക. (തൗബ : 5)

ഇപ്രകാരം ധാരാളം ആയത്തുകൾ കാണാം നമസ്കാരത്തിന്റെ സമയവും ഖുർആൻ കൊണ്ട് മാത്രം ലഭിക്കുന്നില്ല. കാരണം നമസ്കാരത്തിന്റെ സമയത്തെക്കുറിച്ചും ഖുർആനിൽ പൊതുവായ നിർദ്ദേശമാണുള്ളത്.

أَقِمِ الصَّلاَةَ لِدُلُوكِ الشَّمْسِ إِلَى غَسَقِ اللَّيْلِ وَقُرْآنَ الْفَجْرِ إِنَّ قُرْآنَ الْفَجْرِ كَانَ مَشْهُوداً {الإسراء : ٧٨}

സൂര്യൻ (ആകാശമധ്യത്തിൽനിന്ന്) തെറ്റിയത് മുതൽ രാത്രി ഇരുട്ടുന്നത് വരെ (നിശ്ചിത സമയങ്ങളിൽ ) നീ നമസ്കാരം മുറ പ്രകാരം നിർവ്വഹിക്കുക. ഖുർആൻ പാരായണംചെയ്തു കൊണ്ടുള്ള പ്രഭാത നമസ്കാരവും (നിലനിർത്തുക) തീർച്ചയായും പ്രഭാത നമസ്കാരത്തിലെ ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു. ( ഇസ്റാഅ് : 78 )

فَسُبْحَانَ اللَّهِ حِينَ تُمْسُونَ وَحِينَ تُصْبِحُونَ {١٧} وَلَهُ الْحَمْدُ فِي السَّمَاوَاتِ وَالْأَرْضِ وَعَشِيّاً وَحِينَ تُظْهِرُونَ ( الروم ١٨)

ആകയാൽ നിങ്ങൾ സന്ധ്യാവേളയിലാകുമ്പോഴും പ്രഭാത വേളയിലാകുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുക. ആകാശങ്ങളിലും ഭൂമിയിലും അവന്നു തന്നെയാകുന്നു സ്തുതി. വൈകുന്നേരവും ഉച്ചതിരിയുമ്പോഴും (അവനെ നിങ്ങൾ പ്രകീർത്തിക്കുക.) (റൂം : 17,18)

ഇപ്രകാരം പൊതുവായി സമയങ്ങളെ കുറിച്ച് പറഞ്ഞ കാര്യം പ്രവാചക തിരുമേനി(ﷺ) വിശദീകരിക്കുകയും നമസ്കരിച്ച് അനുചരന്മാർക്ക് കാണിക്കുകയും ചെയ്ത ശേഷം റസൂൽ(ﷺ)പറഞ്ഞു : صلوا كما رأيتموني أصلي (البخاري ٦٠٥ )

ഞാൻ എപ്രകാരം നമസ്കരിച്ചതായി നിങ്ങൾ കണ്ടുവോ അപ്രകാരം നിങ്ങൾ നമസ്കരിക്കുക. ( ബുഖാരി : 605 )

അപ്പോൾ ളുഹറ്, അസ്വർ, ഇശാഅ് എന്നീ നമസ്കാരങ്ങൾ 4 റകഅത്ത് വീതം നാട്ടിൽനിന്നും രണ്ട് റകഅത്തുവീതം യാത്രയിലും നമസ്കരിക്കുന്നു. മഗ്രിബ്, സുബ്ഹ് എന്നീ നമ

സ്കാരങ്ങൾ സ്വദേശത്തും യാത്രയിലും യഥാക്രമം മൂന്ന്, രണ്ട് റക്അത്തുകൾ വീതവും നമസ്കരിക്കുന്നു. ഇത് പ്രവാചകൻ (ﷺ) നമസ്കരിച്ചു കാണിച്ചു തന്നു.

നമസ്കാരത്തിന്റെ സമയവും ഹദീസ് മുഖേന ലഭിക്കുന്നു. നബി(ﷺ) ഓരോ നമസ്കാരവും അതിന്റെ സമയത്ത് നിർവ്വഹിച്ചു വ്യക്തമാക്കി. നമസ്കാരത്തിന്റെ ആദ്യ സമയവും അവസാന സമയവും ജിബ്‌രീൽ(ﷺ) നബി(ﷺ)ക്ക് ഇമാമത്ത് നിന്ന് കാണിച്ചുകൊടുത്തു എന്നിട്ട് ഇപ്രകാരം പറഞ്ഞു :

والوقت ما بين هذين الوقتين (سنن أبي داود ٣٩٣ )

നമസ്കാരത്തിന്റെ സമയം ഈ രണ്ട് സമയങ്ങൾക്കിടയിലാകുന്നു. (അബൂദാവൂദ് : 393 )

നമസ്കാരത്തിന്റെ എണ്ണവും രൂപവും സമയവും നബി (ﷺ)വിവരിച്ചു. പ്രവാചക തിരുമേനി(ﷺ)യുടെ സുന്നത്തില്ലാതെ നമസ്കാര രൂപവും സമയവും നമുക്ക് മനസ്സിലാക്കാൻ സാധ്യമല്ല. അതിന്റെ വിശദീകരണം അല്ലാഹു നബി(ﷺ)യെ ഏ ൽപിച്ചു.ഖുർആനിൽ നിന്ന് അതിന്റെ നിർബന്ധത്തെ നാം മനസ്സിലാക്കിയവരാണെങ്കിലും പ്രവാചകതിരുമേനി(ﷺ) വാക്കിലൂടെയും പ്രവർത്തിയിലൂടെയും അതൊക്കെ വിവരിച്ചുകാണിച്ചു തന്നു.

സുന്നത്ത് നിഷേധികളായ ഖവാരിജുകളിൽപ്പെട്ട ഒരു വിഭാഗം ഉമവീ ഖലീഫ ഉമറുബ്നു അബ്ദിൽ അസീസി(ﷺ)നോട് സുന്നത്തിന്നെതിരിൽ തർക്കവിതർക്കങ്ങൾ നടത്തിയപ്പോൾ അദ്ദേഹം അവരോട് ചോദിച്ചു അല്ലാഹു വിശുദ്ധ ഖുർആനിൽ നമ്മോട് നമസ്കരിക്കാൻ കൽപിച്ചു നാമെങ്ങിനെ നമസ്കരിക്കും? നമസ്കാരത്തിന്റെ രൂപം വിവരിക്കുന്ന ഒരായത്തെങ്കിലും കൊണ്ട് വരാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു.

അദ്ദേഹത്തിന്റെ മുന്നിൽ ഉത്തരം മുട്ടുകയും ഇളിഭ്യരാകുകയും ചെയ്തവരെ അദ്ദേഹം സുന്നത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയുംചെയ്തു.

അപ്രകാരം തന്നെയാണ് സകാത്തിന്റെ കാര്യവും, സകാത്ത് നൽകാൻ അല്ലാഹു കൽപിച്ചു. എന്നാൽ ഏതൊക്കെ സ്വത്തുക്കളിലാണ് നൽകേണ്ടത് എന്ന് ഖുർആനിലില്ല. സുന്നത്തുകൊണ്ടല്ലാതെ നമുക്കത് മനസ്സിലാകുകയില്ല. സ്വർണ്ണം, വെള്ളി, പഴവർഗ്ഗങ്ങൾ, നാൽകാലികൾ, കച്ചവടച്ചരക്കുകൾ എന്നിവയിൽ വളർച്ചയുള്ള സ്വത്തിന് സകാത്ത് നിർബന്ധ മാണെന്ന് നബി(ﷺ) വിവരിച്ചു.

സകാത്ത് നിർബന്ധമാകുന്ന തോത്(نصاب) സുന്നത്തിൽ നിന്ന് മാത്രമേ ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. ഉദാ : ധാന്യം, പഴവർഗ്ഗങ്ങൾ തുടങ്ങിയ ഭൂമി ഉൽപാദിപ്പിക്കുന്നവക്ക് കൃഷി ചെയ്യാനുള്ള ചെലവിന്റെ തോതനുസരിച്ച് പത്തിലൊന്ന് അല്ലെങ്കിൽ അഞ്ചിലൊന്ന് എന്നിങ്ങനെ സകാത്ത് കൊടുക്കാൻ നാം മനസ്സിലാക്കുന്നത് നബി(ﷺ)യിൽ നിന്നാണ്. സ്വർണ്ണം വെള്ളി എന്നിവക്ക് 590 ഗ്രാം തൂക്കം വെള്ളി ഉണ്ടാകണം അതിന്റെ വില വരുന്ന സ്വർണത്തിനും സകാത്ത് കൊടുക്കണം. കൊടുക്കേണ്ടത് രണ്ടര ശതമാനമാണ്.

**കാലികളുടെ സകാത്ത്**

| | | |
|---|---|---|
| ആട് | 40 എണ്ണം തികഞ്ഞാൽ | ഒരു ആട് |
| ഒട്ടകം | 5 മുതൽ 9 വരെയുള്ളതിന് | ഒരു ആട് |
| ,, | 10 ,, 14 ,, | രണ്ട് ആട് |

| | | | | |
|---|---|---|---|---|
| ” | 15 | ” | 19 | ” | മൂന്ന് ആട് |
| ” | 20 | ” | 24 | ” | നാല് ആട് |
| ” | 25 | ” | 35 | ” | ഒരു വയസ്സായ ഒട്ടകം |
| ” | 36 | ” | 45 | ” | രണ്ട് വയസ്സായ ഒരൊട്ടകം |

ഒട്ടകത്തിന്റെ സകാത്ത് നിർബന്ധമാകുന്നതിനുള്ള തോത്, (نصاب) വയസ്സ് , കൊടുക്കേണ്ടസമയം എന്നിവയും അപ്രകാരം തന്നെ. അതായത് ഒരു സാമ്പത്തിക വർഷം പൂർത്തിയാക്കാതെ സകാത്തില്ല. എന്നാൽ കൃഷി അങ്ങിനെയല്ല. വിളവെടുപ്പ് സമയത്താണ് സകാത്ത് നൽകേണ്ടത്. അല്ലാഹു പറയുന്നു:

وَآتُواْ حَقَّهُ يَوْمَ حَصَادِهِ (الأنعام : ١٤١ )

കൃഷിയുടെ സകാത്ത് അതിന്റെ വിളവെടുപ്പ് സമയത്ത് നിങ്ങൾ നൽകുക. (അൻആം : 141)

സകാത്ത് സംബന്ധമായ ഇത്തരം കാര്യങ്ങളെല്ലാം പ്രവാചകൻ(ﷺ)യുടെ സുന്നത്തിൽനിന്നല്ലാതെ മനസ്സിലാക്കാൻ സാധ്യമല്ല.

ഇനി ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ നോമ്പിന്റെ കാര്യമെടുക്കാം അല്ലാഹു നോമ്പ് നിർബന്ധമാക്കി എന്നാൽ നോമ്പിന്റെ വിധിവിലക്കുകൾ അത് ദുർബലപ്പെടുത്തുന്ന കാര്യങ്ങൾ, നോമ്പിന്ന് ഭംഗം വരുത്തുന്നവ, നോമ്പുകാരൻ വർജ്ജിക്കേണ്ടവ ഇവയെല്ലാം വിശദമായി സുന്നത്തിൽനിന്ന് മാത്രമേ നമുക്ക് ഗ്രഹിക്കാൻ കഴിയൂ.

ഇനി ഹജ്ജിന്റെ കാര്യമെടുക്കാം അല്ലാഹു പറയുന്നു:

وَلِلّه عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً (آل عمران : ٩٧ )

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യതയാകുന്നു. (ആലു ഇംറാൻ : 97)

ഹജ്ജ് നിർബന്ധമാണെന്ന് മേൽ ആയത്ത് സൂചിപ്പിക്കുന്നു. എന്നാൽ ഹജ്ജിന്റെ സമയം, രൂപം എന്നിവ നബി(ﷺ) ഹജ്ജത്തുൽ വിദാഇൽ ഓരോന്നായി കാണിച്ചുകൊടുത്തു. എന്നിട്ട് പറഞ്ഞു :

خذوا عني مناسككم ( مسلم ١٢٩٧ النسائي ٣٠١٢ )

ഹജ്ജിന്റെ കർമ്മങ്ങൾ നിങ്ങൾ എന്നിൽനിന്നും സ്വീകരിക്കുക. (മുസ്ലിം : 1297, നസാഈ 3012 )

അങ്ങനെ ഹജ്ജിന്റെ കർമ്മങ്ങൾ ഓരോന്നോരോന്നായി വിശദീകരിച്ചുതന്നു. അത് ദർശിച്ച സ്വഹാബികൾ റിപ്പോർട്ട് ചെയ്ത പ്രകാരം ഹജ്ജ് കർമ്മം സ്വീകരിക്കാൻ നമ്മോട് പ്രവാചക തിരുമേനി കൽപിക്കുകയുംചെയ്തു.

കട്ടവന്റെ കൈമുറിക്കാൻ അല്ലാഹു നമ്മോട് കൽപിക്കുന്നു.

(وَالسَّارِقُ وَالسَّارِقَةُ فَاقْطَعُوٓاْ أَيْدِيَهُمَا (المائدة : ٣٨ )

മോഷ്ടിക്കുന്നവന്റേയും മോഷ്ടിക്കുന്നവളുടേയും കൈകൾ നിങ്ങൾ മുറിച്ചു കളയുക. (മാഇദ : 38)

എന്നാൽ എത്ര മോഷ്ടിച്ചാലാണ്, ഏത്വരേയാണ്, ഏത് കൈയാണ്, മോഷണത്തിന്റെ തോതെങ്ങിനെ എന്ന് ഖുർആനിലില്ല. സുന്നത്തിലാണ് അതിന്റെ വിവരമുള്ളത്. ഒരു ദീനാറിന്റെ നാലിലൊന്നോ അല്ലെങ്കിൽ മൂന്ന് ദിർഹമോ അതിന് തതുല്ല്യമായതോ കട്ടാലാണ് മുറിക്കേണ്ടതെന്നും ആദ്യം വലതുകയ്യിന്റെ മണികണ്ഠത്തിനോട് ചേർന്നാണ് മുറിക്കേണ്ടതെന്നും നബി (ﷺ) വിശദീകരിച്ചു.

ഇപ്രകാരം സുന്നത്തിന്റെ ആവശ്യകതയെ വിവരിക്കുന്ന ധാരാളം ഉദാഹരണങ്ങൾ ഖുർആനിൽ കാണാം. പ്രവാചക തിരുമേനി(ﷺ)യെ അനുസരിക്കാൻ അല്ലാഹു നമ്മോടു കൽപിച്ചു.

(مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (النساء : ٨٠ )

(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു (നിസാഅ്:80)

നബിയെ അനുസരിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നബി(ﷺ) യിൽനിന്നും സ്ഥിരപ്പെട്ട സുന്നത്തുകൾ അനുസരിക്കലും അത് ജീവിതത്തിൽ പകർത്തലുമാകുന്നു. അല്ലാഹു പറയുന്നു:

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (الحشر : ٧ )

നിങ്ങൾക്ക് റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. (ഹശ്റ് :7)

നബി(ﷺ) കൊണ്ടുവന്ന കൽപനകളുംനിയമങ്ങളും സ്വീകരിക്കാനും വിരോധിച്ചതിൽ നിന്ന് വിട്ടുനിൽക്കാനുമാണ് അല്ലാഹു നമ്മോട് കൽപിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ഥ രൂപത്തിൽ പ്രവാചകനെ അനുസരിക്കാൻ പറഞ്ഞതായി കാണാം. ചില സ്ഥലങ്ങളിൽ അല്ലാഹുവിനെ അനുസരിക്കാൻ പറഞ്ഞതിനോട് ചേർത്തു പറഞ്ഞിരിക്കുന്നു.

(يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللَّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ (النساء: ٥٩)

സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. അല്ലാഹുവിന്റെ ദൂതനേയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളേയും അനുസരിക്കുക. ( നിസാഅ് : 59 )

(قُلْ أَطِيعُواْ اللّهَ وَالرَّسُولَ (آل عمران : ٣٢ )

പറയുക നിങ്ങൾ അല്ലാഹുവേയും റസൂലിനേയും അനുസരിക്കുവീൻ ( ആലു ഇംറാൻ : 32 )

ചില സ്ഥലത്ത് നബി(ﷺ)യെ മാത്രം അനുസരിക്കാൻ പറഞ്ഞതായി കാണാം.

(مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللّهَ (النساء : ٨٠ )

അല്ലാഹുവിന്റെ ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു ( നിസാഅ് : 80 )

(وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ) (النور : ٥٦ )

നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവീൻ നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം ( നൂർ : 56 )

(وَمَا أَرْسَلْنَا مِن رَّسُولٍ إِلاَّ لِيُطَاعَ بِإِذْنِ اللّهِ (النساء : ٦٤ )

അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനേയും അയച്ചിട്ടില്ല. (നിസാഅ് : 64)

മുസ്ലിംകൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ടാവുമ്പോൾ പ്രശ്നം പരിഹരിക്കാൻ ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കാനാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. അല്ലാഹു പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللّهِ وَالْيَوْمِ الآخِرِ ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً) (النساء : ٥٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക.(അല്ലാഹുവിന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളേയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ(അതാണ് വേണ്ടത്) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും (നിസാഅ് : 59)

അല്ലാഹുവിലേക്കു മടക്കുക എന്നാൽ ഖുർആനിലേക്കും നബി(ﷺ)യിലേക്ക് എന്നാൽ ജീവിച്ചിരിക്കുമ്പോൾ നബി(ﷺ)യെ സമീപിച്ച് പ്രശ്നങ്ങൾ പരിഹരിക്കുക എന്നും മരണശേഷം നബി(ﷺ)യുടെ ചര്യയിലേക്ക് മടക്കുക എന്നുമാണർത്ഥമാക്കുന്നത്. ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുക എന്ന പ്രക്രിയ അന്ത്യനാൾ വരെ നില കൊള്ളുന്നു.

മുസ്‌ലിംകൾക്കിടയിലെ ആരാധനാ സംബന്ധമായ കാര്യങ്ങളായാലും മറ്റു ക്രയവിക്രയങ്ങളായാലും അല്ലാഹുവിന്റെ കിതാബും നബി(ﷺ)യുടെ ചര്യയും കൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന് ആയത്തിൽ നിന്ന് മനസ്സിലായി.

സുന്നത്ത് ഖുർആനിനോട് ചേർന്ന് വരുന്നതാണെന്നും ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണമായ സുന്നത്തിനെ ഒഴിവാക്കി മുസ്ലിംകൾക്ക് ഒരവസ്ഥയിലും ജീവിക്കാൻ സാധ്യമല്ലെന്നും സുതരാം വ്യക്തമായി.

നബി(ﷺ)യുടെ സുന്നത്തിനെതിരെ പ്രവർത്തിക്കുന്നവൻ ദൈവികശിക്ഷക്ക് വിധേയനാണെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു.

**وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ** (الحشر : ٧)

നിങ്ങൾക്ക് റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. (ഹശ്റ് :7)

നബി(ﷺ) കൊണ്ട് വന്ന കൽപനകളും നിയമങ്ങളും സ്വീകരിക്കാനും വിരോധിച്ചതിൽ നിന്ന് വിട്ടുനിൽക്കാനുമാണ് അല്ലാഹു നമ്മോട് കൽപിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ഥ രൂപത്തിൽ പ്രവാചക(ﷺ)നെ അനുസരിക്കാൻ കൽപിച്ചതായി കാണാം. ചില സന്ദർഭങ്ങളിൽ അല്ലാഹുവിനെ അനുസരിക്കാൻ പറഞ്ഞതിനോട് ചേർത്ത് പറഞ്ഞിരിക്കുന്നു.

**يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ** (النساء :٥٩)

സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക (അല്ലാഹുവിന്റെ) ദൂതനേയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളേയും അനുസരിക്കുക. (നിസാഅ് : 59)

**قُلْ أَطِيعُواْ اللّهَ وَالرَّسُولَ** (ال عمران: ٣٢)

പറയുക; നിങ്ങൾ അല്ലാഹുവെയും റസൂലിനേയും അനുസരിക്കുവീൻ (ആലു ഇംറാൻ : 32)

ചില സ്ഥലത്ത് നബി(ﷺ)യെ മാത്രം അനുസരിക്കാൻ പറഞ്ഞു:

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّه (النساء: ٨٠)

അല്ലാഹുവിന്റെ ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു (നിസാഅ് : 80)

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ ( النور: ٥٦)

നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവീൻ നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം. (നൂർ :56)

وَمَا أَرْسَلْنَا مِن رَّسُولٍ إِلاَّ لِيُطَاعَ بِإِذْنِ اللّه (النساء :٦٤)

അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനേയും അയച്ചിട്ടില്ല. (നിസാഅ് : 64)

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ (الحشر :٧)

നിങ്ങൾക്ക് റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. (ഹശ്റ് :7)

(فَإِن لَّمْ يَسْتَجِيبُوا لَكَ فَاعْلَمْ أَنَّمَا يَتَّبِعُونَ أَهْوَاءهُمْ (القصص : ٥٠ )

ഇനി നിനക്ക് (മുഹമ്മദ് നബി(ﷺ)) അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക  (ഖസസ് : 50)

സുന്നത്തിനെതിര് പ്രവർത്തിക്കുകയും പ്രവാചക(ﷺ)നെ ധിക്കരിക്കുകയും ചെയ്യുന്നവന് സ്വർഗ്ഗ പ്രവേശനം തടയപ്പെടുമെന്നും നബി(ﷺ) സമൂഹത്തെ താക്കീതു ചെയ്തു.

كل أمتي يدخلون الجنة إلا من أبى. قالوا يا رسول الله ومن يأبى ؟ قال ( من أطاعني دخل الجنة ومن عصاني فقد أبى ) صحيح البخاري ٦٨٥١

എന്റെ സമൂഹത്തിലെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും വിസമ്മതിച്ചവരൊഴികെ സഹാബികൾ ചോദിച്ചു നബിയെ ആരാണ് വിസമ്മതിച്ചവർ ? നബി(ﷺ) പറഞ്ഞു : എന്നെ അനുസരിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. എന്നോട് അനുസരണക്കേട് കാണിച്ചവൻ വിസമ്മതിക്കുകയും ചെയ്തു. (ബുഖാരി : 6851)

ഈ വിഭാഗത്തെ അല്ലാഹു ശക്തിയായി താക്കീത് ചെയ്യുന്നു.

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ) (النور : ٦٣ )

നബി(ﷺ)യുടെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്ന് ഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ച് കൊള്ളട്ടെ.

ആയത്തിൽ രണ്ട് നിലക്കുള്ള താക്കീത് അടങ്ങിയിരിക്കുന്നു.

1) ഹൃദയത്തിൽ വരുന്ന കുഴപ്പമാണ് സത്യത്തിൽനിന്ന് തെറ്റുകയും വിശ്വാസത്തിന് ശേഷം അവിശ്വാസിയാവുകയും എന്നിട്ട് മാർഗ്ഗഭ്രംശത്തിലും വഴികേടിലുമായി ജീവിച്ച് പിന്നീട് സത്യത്തിന്റെ പാതയിലേക്ക് എത്താൻ സാധിക്കാതെ വിഷമിക്കുകയും ചെയ്യുന്നതാണത്.
2) വേദനാജനകമായ ശിക്ഷ : ഒന്ന് ഇഹലോകത്തെ ശിക്ഷയാണ്. രോഗം, കൊല, സത്യനിഷേധികൾക്ക് വന്ന് ഭവി

ക്കാറുള്ള നാശം എന്നിവ അതിൽപെടുന്നു. മറ്റൊന്ന് പരലോകത്തെ ശിക്ഷയാകുന്നു.

സത്യവിശ്വാസി അല്ലാഹുവിന്റെയും പ്രവാചക(ﷺ)ന്റെയും വിധി മനസ്സിലാക്കിയാൽ അവ പൂർണ്ണ മനസ്സോടെയും സന്തോഷപൂർവ്വവും സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. അല്ലാഹുവിന്റെയും പ്രവാചക(ﷺ)ന്റെയും തീരുമാനത്തിൽ സ്വാഭിപ്രായം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവനില്ല. കാരണം അല്ലാഹുവും പ്രവാചക(ﷺ)നും കൊണ്ടുവന്നതൊക്കെ നന്മയും നേർമാർഗ്ഗവുമാകുന്നു. എനിക്ക് ഈ വിഷയത്തിൽ ഖുർആനിന്റേയും സുന്നത്തിന്റേയും പരിധിക്ക് പുറത്ത് തീരുമാനിക്കുവാനുള്ള കഴിവുണ്ട് എന്ന് വിചാരിച്ചാൽ അത് മാർഗ്ഗഭ്രംശവും പ്രവാചക(ﷺ)ന്റെ കൽപനയെ ധിക്കരിക്കലുമാകുന്നു.

(وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْراً أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْـرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالاً مُّبِيناً) (الأحزاب : ٣٦ )

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവേയും അവന്റെ ദൂതനേയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു.(അഹ്സാബ്:36)

അല്ലാഹുവിന്റേയും പ്രവാചകതിരുമേനിയുടേയും കൽപന ലംഘിച്ചതിന് ദുനിയാവിൽ നിന്ന് തന്നെ ശിക്ഷ ലഭിച്ചതായി കാണാം. ഇടത് കൈകൊണ്ട് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ഒരാളോട് നബി(ﷺ) വലതു കൈകൊണ്ട് കഴിക്കാനാവശ്യപ്പെട്ടു വലതു കൈകൊണ്ട് കഴിക്കാൻ സാധിക്കുകയില്ല എന്നയാൾ

പ്രത്യുത്തരം നൽകി. നബി(ﷺ) പറഞ്ഞു : ഇല്ല നിനക്ക് സാധിക്കുകയില്ല നബി(ﷺ) അയാൾക്കെതിരെ പ്രാർത്ഥിക്കുകയും പിന്നീടയാൾക്ക് ആ കൈ വായയിലേക്ക് ഉയർത്താൻ സാധിക്കാതെ വരികയും ചെയ്തു. ഈ സംഭവം സഹീഹ് മുസ്‌ലിമിൽ കാണാം. (മുസ്‌ലിം :2021)

സുന്നത്ത് ജീവിതത്തിൽ പകർത്തിയ ഒരു വിശ്വാസിയുടെ സംഭവം ഇമാം മുസ്ലിം ഉദ്ധരിക്കുന്നത് ശ്രദ്ധിക്കൂ.

സ്വർണ്ണമോതിരം കൈയിലണിഞ്ഞ ഒരാളോട് നബി(ﷺ) ചോദിച്ചു. നിങ്ങളിലൊരാൾ നരകത്തിൽനിന്നുള്ള ഒരു തീക്കനൽ എടുക്കുകയും എന്നിട്ട് കൈയിൽ അണിയുകയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? ശേഷം നബി(ﷺ) അയാളുടെ സ്വർണ്ണമോതിരം എടുത്ത് വലിച്ചെറിഞ്ഞു. നബി(ﷺ) സദസ്സിൽ നിന്നെഴുന്നേറ്റു പോയപ്പോൾ സദസ്സ്യർ പറഞ്ഞു: നിന്റെ മോതിരമെടുക്കുക നിനക്കത് ഉപകാരപ്പെട്ടേക്കാം. എന്നാൽ വിശ്വാസിയായ അയാളുടെ മറുപടി ഇപ്രകാരമായിരുന്നു. നബി(ﷺ) വലിച്ചെറിഞ്ഞത് ഞാനെടുക്കുകയില്ല. ( മുസ്‌ലിം : 2090)

ഈ രണ്ടാളുകൾ തമ്മിലുള്ള അന്തരം നോക്കൂ. ഒന്നാമത്തവൻ അഹങ്കാരിയായി എനിക്കു സാധിക്കുന്നില്ല എന്നാണ് പറഞ്ഞതെങ്കിൽ രണ്ടാമത്തവൻ പ്രവാചകനെ അക്ഷരം പ്രതി അനുസരിക്കുകയാണ് ചെയ്തത്.

സുന്നത്തിനെ അനുധാവനം ചെയ്യുന്നതിൽ സഹാബികൾക്കുണ്ടായിരുന്ന കണിശതയ്ക്ക് മറ്റൊരു ഉദാഹരണം പറയാം:

ആദ്യകാലത്ത് മുസ്ലിംകൾ അല്ലാഹുവിന്റെ കൽപന പ്രകാരം ബൈത്തുൽ മുഖദ്ദസിനു നേരെ തിരിഞ്ഞുനിന്ന് നമസ്കരിച്ചിരുന്നു.

قُل لِّلّهِ الْمَشْرِقُ وَالْمَغْرِبُ يَهْدِي مَن يَشَاءُ إِلَى صِرَاطٍ مُّسْتَقِيمٍ) (البقرة : ١٤٢ )

അല്ലാഹുവിന് തന്നെയാണ് കിഴക്കും പടിഞ്ഞാറുമെല്ലാം അവ നുദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗ്ഗത്തിലേക്ക് നയിക്കുന്നു. (അൽ ബഖറ : 142)

പിന്നീട് പരിശുദ്ധ കഅ്ബയ്ക്ക് നേരെ തിരിയാൻ അല്ലാഹു കൽപിച്ചു

فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ (البقرة : ١٤٤ )

ഇനി നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക (അൽ ബഖറ : 144)

അപ്പോൾ ബൈത്തുൽ മുഖദ്ദസിൽനിന്ന് ഖിബ്‌ല വിശുദ്ധ കഅ്ബയിലേക്കു മാറ്റി മുസ്‌ലിംകൾ അല്ലാഹുവിന്റെ കൽപന അനുസരിച്ച് കഅ്ബയിലേക്ക് തിരിഞ്ഞു. ഒരു സംഘം സഹാബികൾ ബൈത്തുൽ മുഖദ്ദസിനു നേരെ നിന്ന് അസർ നമസ്‌കാരം നിർവഹിച്ചു കൊണ്ടിരിക്കുമ്പോഴാണ് മറ്റൊരു സഹാബി വന്ന് ഖിബ്‌ല മാറ്റിയ വിവരം അവരെ അറിയിക്കുന്നത്. ചോദ്യം ചെയ്യുകയോ അനിഷ്ടമോ കൂടാതെ നമസ്‌കാരത്തിൽ തന്നെ മസ്ജിദുൽ ഹറാമിനുനേരെ അവർ തിരിഞ്ഞു. ഇതാണ് വിശ്വാസം. അല്ലാഹു ഒരു കാര്യം കൽപിച്ചു അല്ലെങ്കിൽ പ്രവാചകൻ(ﷺ) ഒരു കാര്യം കൽപിച്ചു എന്ന് കേട്ടാൽ അതപ്പടി ജീവിതത്തിൽ പകർത്തലാണ് വിശ്വാസിയുടെ മാതൃക. അപ്രകാരമാണ് സ്വഹാബികൾ ചെയ്തതും.

എന്നാൽ ഹൃദയത്തിൽ രോഗമോ കാപട്യമോ ഉള്ളവരുടെ അവസ്ഥ അല്ലാഹു വിവരിക്കുന്നത് നോക്കൂ.

(سَيَقُولُ السُّفَهَاء مِنَ النَّاسِ مَا وَلاَّهُمْ عَن قِبْلَتِهِمُ الَّتِي كَانُواْ عَلَيْهَا (البقرة : ١٤٢ )

ഇവർ (മുസ്ലിംകൾ) ഇതുവരെ (പ്രാർത്ഥനാ വേളയിൽ) തിരിഞ്ഞു നിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢൻമാരായ ആളുകൾ ചോദിച്ചേക്കും (അൽ ബഖറ : 142)

അവർ കൽപനകൾ അംഗീകരിക്കാൻ ധൃതികാണിക്കുകയില്ല പക്ഷെ ചോദ്യങ്ങൾ അധികരിപ്പിച്ചു കൊണ്ടിരിക്കും. വിശ്വാസിയാകട്ടെ കല്പന നിറവേറ്റുകയും എതിര് പ്രവർത്തിക്കാതിരിക്കുകയും ചെയ്യും.

ഇസ്ലാമിന്റെ രണ്ടാം പ്രമാണമായ പ്രവാചകചര്യയെ മനസ്സിലാക്കുന്നതിലും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിലും അതുമുഖേന തൃപ്തമാവുകയും ചെയ്തതിലുമുള്ള സഹാബികളുടെ ചില മഹനീയ മാതൃകകളാണിവ. സ്വേഛ പ്രകാരം സംസാരിക്കാത്ത തങ്ങളുടെ പ്രവാചക(ﷺ)ന്റെ വചനത്തെ അവർ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. സമൂഹത്തിന് നന്മയും ഗുണവും അനുഗ്രഹവും ലഭിക്കുന്നത് സുന്നത്തനുധാവനം ചെയ്യുന്നതിലാണെന്നവർ മനസ്സിലാക്കി. കാലം പിന്നിട്ടിട്ടും സമൂഹം സുന്നത്തിനെ ആദരിക്കുകയും പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരികയും സുന്നത്തിനെ പ്രമാണമായി അവലംബിക്കുകയും ചെയ്തുവരുന്നു.

റസൂൽ(ﷺ) അവരോട് സംസാരിക്കുന്നത് അവർ കേൾക്കുന്നത് പോലെ കാരണം അതവർക്ക് വിശ്വസനീയമായ വഴിക്കാണ് ലഭിച്ചത്.

താഴെ പറയുന്ന പ്രവാചക വചനം അന്വർത്ഥമാക്കും വിധം സത്യവിശ്വാസി സുന്നത്തിനെ സ്വജീവിതത്തിൽ കൊണ്ടുവരികയും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

نضر الله امرأ سمع منا حديثا فبلغه كما سمع فرب مبلغ أوعى من سامع ( سنن الترمذي) قال الشيخ الألباني : صحيح ٢٦٥٧

നമ്മിൽ നിന്നെന്തെങ്കിലും കേൾക്കുകയും കേട്ടത് പ്രകാരം എത്തിക്കുകയും ചെയ്തവനെ അല്ലാഹു പ്രശോഭിതമാക്കട്ടെ എത്രയോ എത്തിച്ചുകൊടുക്കപ്പെടുന്നവനാണ് കേൾക്കുന്നവനേക്കാൾ കാര്യങ്ങൾ ഗ്രഹിക്കുന്നത്. (തിർമുദി :2657)

സുന്നത്ത് അന്ത്യനാൾ വരെ എത്തിച്ചുകൊടുക്കണമെന്ന് നബി(ﷺ) ആഗ്രഹിച്ചു. അറഫയിൽ വെച്ച് ചെയ്ത അവിടുത്തെ മഹത്തായ വിടവാങ്ങൽ പ്രസംഗത്തിൽ അത് പ്രഖ്യാപിക്കുകയും ചെയ്തു.

فليبلغ الشاهد الغائب فرب مبلغ أوعى من سامع (البخاري: ١٦٥٤)

നിങ്ങളിൽ നിന്നും ഇവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവന് എത്തിച്ചു കൊടുക്കട്ടെ. എത്ര എത്തിച്ചു കൊടുക്കപ്പെടുന്നവനാണ് കേട്ടവനേക്കാൾ കാര്യങ്ങൾ ഗ്രഹിക്കുന്നത്. (ബുഖാരി 1654)

സുന്നത്ത് കേൾക്കുകയും ഹൃദിസ്ഥമാക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നതിൽ പൗരാണിക മുസ്ലിംകൾ വേണ്ടത്ര ശ്രദ്ധകാണിക്കുകയും പ്രയാസങ്ങൾ സഹിക്കുകയും ചെയ്തു പ്രവാചക തിരുമേനി(ﷺ)യുടെ സുന്നത്തിന്റെ വിഷയത്തിൽ മുസ്ലിംകൾ ശ്രദ്ധിച്ചത് പോലെ ലോകത്ത് ഒരു സമൂഹവും തങ്ങളുടെ പ്രവാചകന്മാരുടെ സുന്നത്തുകളുടെ കാര്യത്തിൽ ശ്രദ്ധിച്ചതായി കാണുകയില്ല.

തലമുറകളായി അത് പഠിക്കുകയും സൂക്ഷ്മമായി രേഖപ്പെടുത്തുകയും മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്തു. എന്നാൽ നബി(ﷺ) ജീവിച്ചിരിക്കുമ്പോൾ ഹദീസ് എഴുതി വെക്കുന്നത് നിരോധിച്ചിരുന്നു.

ومن كتب عني غير القرآن فليمحه (صحيح مسلم : ٣٠٠٤)
ഖുർആനല്ലാത്തത് എന്നിൽ നിന്നും ആരെങ്കിലും എഴുതിയിട്ടു ണ്ടെങ്കിൽ അവനത് മായ്ച് കൊള്ളട്ടെ. (മുസ്ലിം : 3004)

ഇങ്ങിനെ റസൂൽ(ﷺ)കൽപിക്കാൻ കാരണം ഹദീസ് ഖു ർആനുമായി കൂടിക്കലരാതിരിക്കാനും തെറ്റിദ്ധാരണയില്ലാതിരി ക്കാനുമായിരുന്നു. പിന്നീട് അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(ﷺ)വിനെ പോലുള്ള സഹാബികൾക്ക് ഹദീസ് എഴുതി വെക്കാൻ നബി(ﷺ) അനുമതി നൽകി. അത് കൊണ്ട് അബ്ദു ല്ലാഹിബ്നുഅംറുബ്നുൽ ആസ്(ﷺ) സ്വഹാബികളിൽ നിന്നും കൂടുതൽ ഹദീസുകൾ റിപ്പോർട്ട് ചെയ്തു. അദ്ദേഹം കേട്ട ഹദീ സുകൾ എഴുതിവെക്കുമായിരുന്നു. എഴുത്തിനേക്കാൾ ഹൃദി സ്ഥമാക്കുന്നതിലായിരുന്നു മുസ്ലിംകൾ ശ്രദ്ധിച്ചിരുന്നത്. എന്തി നേറെ ഒരു ഹദീസ് അന്വേഷിച്ച് പ്രയാസങ്ങൾ സഹിച്ച് ഒരു സ ഹാബി ഹിജാസിൽ നിന്ന് ഈജിപ്തിലേക്ക് യാത്രപോകുകയു ണ്ടായി. ഹദീസിനെ അവർ എത്രമാത്രം ആദരിച്ചിരുന്നുവെന്നതി ന് ഈ സംഭവം തന്നെ തെളിവിന് ധാരാളം മതിയാകുന്നതാണ്.

സഹാബികളുടെ കാലശേഷം ഉമറുബ്നുഅബ്ദിൽ അ സീസി(ﷺ)ന്റെ കാലത്താണ് ഹദീസ് ഗ്രന്ഥ രൂപത്തിലാക്കാനാ രംഭിച്ചത്. പിന്നീട് സ്വിഹാഹു( الصحاح)കളും, മുസ്നദു(المسانيد)ക ളും, ജാമിഉ( الجوامع)കളും, മുഅ്ജമു( المعاجم)കളും രചിച്ചു.നാം ഇന്ന് കാണുന്ന രീതിയിൽ സുന്നത്തിന്റെ സമാഹാരങ്ങൾ ക്രോ ഡീകരിക്കപ്പെട്ടു. ഹദീസ് പണ്ഡിതന്മാർ കൂട്ടലോ കുറക്കലോ വ രുത്താതെ ഹദീസ് ഹൃദിസ്ഥമാക്കുകയും ത്യാഗപരിശ്രമം മു ഖേന വ്യാജ ഹദീസ് നിർമ്മാതാക്കളിൽനിന്നും കൃത്രിമ ഹദീസ്

നിർമ്മാതാക്കളിൽ നിന്നും സംരക്ഷിക്കുകയും മുസ്ലിം സമുദായത്തിലല്ലാതെ മറ്റൊരു സമുദായത്തിലും കണ്ടെത്താൻ കഴിയാത്ത മഹത്തായ ഗ്രന്ഥ രചനകൾ നടത്തുകയും ചെയ്തു. ഹദീസ് സ്വീകാര്യയോഗ്യമാകാനാവശ്യമായ സുതാര്യമായ നിയമങ്ങൾ അവർ നിർമിച്ചു. വ്യാജ ഹദീസ് നിർമാതാക്കളുടെയും കൃത്രിമ ഹദീസ് നിർമിതാക്കളുടെ റിപ്പോർട്ടരിലെ ദുർബലരേയും ഹദീസ് റിപ്പോർട്ടർമാരിലെ തള്ളിക്കളയേണ്ടവരെയും കുറിച്ച് സവിസ്തരം വിവരിച്ചു കൊണ്ടുള്ള ഗ്രന്ഥങ്ങൾ വിരചിതമാവുകയും ചെയ്തു.

വിശുദ്ധ ഖുർആൻ കൂട്ടലോ കുറക്കലോ കൂടാതെ അല്ലാഹു സംരക്ഷിച്ചു.

(إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ) (الحجر: ٩)

നാമാണ് ഈ ഖുർആനെ അവതരിപ്പിച്ചത് നാമതിനെ സംരക്ഷിക്കുകയും ചെയ്യും. (ഹിജ്ർ : 9)

ഹദീസിന്റെ സംരക്ഷണവും ഈ ആയത്തിന്റെ പരിധിയിൽ വരുന്നു. കാരണം അതാണല്ലോ ഖുർആനിനെ വിശദീകരിക്കുകയും കൂടുതൽ വ്യക്തമാക്കുകയും ചെയ്യുന്നത്. ഈ മഹത്തായ രണ്ട് പ്രമാണങ്ങളെ സംരക്ഷിച്ചു എന്നത് അല്ലാഹു ഈ സമൂഹത്തിനു ചെയ്ത അനുഗ്രഹമാകുന്നു.

പ്രവാചകചര്യയിൽ നിന്ന് ആളുകളെ അകറ്റുകയും സുന്നത്തിന്റെ കാര്യത്തിൽ സംശയം ജനിപ്പിക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ നാം ജാഗ്രതയിലാകൽ നിർബന്ധമാകുന്നു. ഈ കാലഘട്ടത്തിൽ അവരുടെ തിന്മ വളരെ പ്രകടമായിരിക്കുന്നു. നബി(ﷺ)യുടെ സുന്നത്തിൽ അവർ സംശയം ജനിപ്പിക്കുന്നു. നമുക്ക് ഖുർആൻ മാത്രം മതി സുന്നത്ത് ആവശ്യമില്ല എന്ന അവരുടെ വാദത്തിന് ആയത്തുകൾ ദുർവ്യഖ്യാനം ചെയ്ത് തെളിവ് നിരത്തുന്നു.

مَّا فَرَّطْنَا فِي الكِتَابِ مِن شَيْءٍ (الأنعام : ٣٨)

ഗ്രന്ഥത്തിൽ (ഖുർആനിൽ) നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. (അൻആം : 38)

وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَاناً لِّكُلِّ شَيْءٍ (النحل : ٨٩)

എല്ലാ കാര്യത്തിന്നും വിശദീകരണമായികൊണ്ടാണ് ഈ വേദ ഗ്രന്ഥം നിനക്ക് നാം അവതരിപ്പിച്ചിരിക്കുന്നത്. (നഹ്ൽ : 89)

കാരണം സുന്നത്ത് അവരുടെ വാദപ്രകാരം അന്യൂനമായ പരമ്പരയിലൂടെ വന്നതല്ല. അത് റിപ്പോർട്ട് ചെയ്തത് ആഹാദ് മുഖേനയാണ്. അതിന്റെ റിപ്പോർട്ടർമാരിൽ കളവും തെറ്റും വരാൻ സാധ്യതയുണ്ട് എന്നാൽ ഖുർആൻ വിശ്വാസയോഗ്യവും ഖണ്ഡിതവുമാണെന്നാണ് അതിനാൽ സംശയമുള്ളത് ഉപേക്ഷിക്കുക എന്നതാണവരുടെ വാദം .

അല്ലാഹു അവരെ ശപിക്കട്ടെ; ദുഷിച്ച കുതന്ത്രത്തിലൂടെ ഇസ്ലാമിനെ നശിപ്പിക്കാനാണ് ഇവർ ഉദ്ദേശിക്കുന്നത്. ജനങ്ങളോട് ഇസ്ലാമിനെ ഒഴിവാക്കുവീൻ അല്ലെങ്കിൽ ഇസ്ലാമിക ശരീഅത്തിനെ ത്യജിക്കുവീൻ എന്ന് പറയാൻ കഴിയാത്തതിനാൽ അതിന് പകരം ഖുർആൻ കൊണ്ട് അമൽ(കർമം) ചെയ്യുവീൻ സുന്നത്തിന്റെ ആവശ്യമില്ല എന്ന പൈശാചിക വഴിയാണ് അവൻ സ്വീകരിച്ചിരിക്കുന്നത്. സുന്നത്തിനെ ഒഴിവാക്കിയാൽ ഖുർആനിൽ നിന്നും ഒഴിവാകും അങ്ങിനെ ഇസ്ലാമിക ശരീഅത്തിൽ നിന്നും ആളുകളെ അകറ്റാൻ സാധിക്കും എന്നവർ മനസ്സിലാക്കിയിരിക്കുന്നു.

കാരണം സുന്നത്തില്ലാതെ നമസ്കാരം, നോമ്പ്, സകാത്ത്,ഹജ്ജ് എന്നിവ ചെയ്യാനും നിഷിദ്ധമായ ക്രയവിക്രയങ്ങൾ, വിവാഹം നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾ എന്നിത്യാദി കാര്യങ്ങ

ൾ മനസ്സിലാക്കാനും സാധ്യമല്ല. ഫലത്തിൽ ഇസ്ലാമിക ശരീഅ ത്തിനെ തകർക്കലാകുന്നു അത്.

ഇങ്ങനെയൊരുകാലം വരാനിരിക്കുന്നതിനെക്കുറിച്ച് പതി നാല് നൂറ്റാണ്ടു മുമ്പ് റസൂൽ(ﷺ) പ്രവചിച്ചു :

يوشك رجل شبعان متكئ على أريكته يبلغه الحديث عني فيقول بيننا وبينكم كتاب الله ما أحله أحللناه وما حرمه حرمناه قال عليه الصلاة والسلام : ألا وإني أوتيت الكتاب ومثله معه.

ഒരാൾ വയർനിറച്ച് കൊണ്ട് അയാളുടെ ചാരുകസേരയിൽ ചാ രിയിരിക്കുന്ന കാലഘട്ടം വരാനിരിക്കുന്നു.എന്റെയൊരു വചനം എത്തുമ്പോൾ അവൻ പറയും ഞങ്ങളുടെയിടയിൽ അല്ലാഹു വിന്റെ കിതാബുണ്ട്. അത് ഹലാലാക്കുന്നതിനെ ഞങ്ങൾ ഹലാ ലാക്കുന്നു. അത് നിഷിദ്ധമാക്കുന്നതിനെ ഞങ്ങൾ നിഷിദ്ധമാ ക്കുകയും ചെയ്യുന്നു. അറിയുക. എനിക്ക് ഖുർആനും അതോ ടൊപ്പം അതുപോലുള്ളതും നൽകപ്പെട്ടിരിക്കുന്നു.

ഈ ഹദീസ് പ്രവാചകതിരുമേനി(ﷺ)യുടെ അമാനുഷിക ദൃഷ്ടാന്തങ്ങളിൽ പെട്ട ഒരു മഹത്തായ ദൃഷ്ടാന്തമാകുന്നു. ഖു ർആനും അതുപോലുള്ളതും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എ ന്ന് പറഞ്ഞാൽ ഖുർആനും സുന്നത്തും അല്ലാഹുവിൽ നിന്നാ ണെന്ന് സാരം ഈ ഹദീസിലൂടെ സുന്നത്ത് നിഷേധികളിൽ നി ന്ന് ജാഗ്രത പാലിക്കാൻ പ്രവാചകൻ(ﷺ) സമൂഹത്തെ ഉണർ ത്തുകയും ചെയ്തു. അല്ലാഹുപറയുന്നു:

(وَمَا يَنطِقُ عَنِ الْهَوَى) (إِنْ هُوَ إِلَّا وَحْيٌ يُوحَى) (النجم : ٣ و ٤ )

അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നില്ല അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ബോധനം മാത്രമാകുന്നു അത് . (സൂറത്തുന്നജ്മ് : 3.4)

എന്നാൽ വിമർശകർ പറയും പ്രകാരം ഖുർആൻ സർവ്വാംഗീകൃത പരമ്പരയിലൂടെയും സുന്നത്ത് അതല്ലാത്ത നിലയിലൂടെയും റിപ്പോർട്ട് ചെയ്തതാണെന്നും അതിനാൽ സുന്നത്തിൽ ബലഹീനത വരാൻ സാധ്യതയുണ്ടെന്നുമുള്ള വാദം അബദ്ധ ജഡിലവും നിരർത്ഥകവുമാകുന്നു.

കെട്ടുകഥകളെ പോലെയോ സാഹിത്യകാരന്മാരുടെ ഭാവനാ സൃഷ്ടികളെപ്പോലെയോ മെനഞ്ഞുണ്ടാക്കുന്നതല്ല പ്രവാചകചര്യ. മറിച്ച് അതിന് ചില നിയമങ്ങളും വ്യവസ്ഥകളുമുണ്ട്. ഹദീസ് ഹൃദിസ്ഥമാക്കി പ്രവാചകകാലം മുതൽ അല്ലാഹു ഉദ്ദേശിക്കുന്ന കാലമത്രയും സംരക്ഷിക്കുന്നവരാൽ അത് സുരക്ഷിതമാണ് റിപ്പോർട്ടർമാരുടെ ബലാബലവും ദുർബലതയും കൊള്ളരുതായ്മയും മറ്റുമെല്ലാം അവർ വിവരിച്ചു. അങ്ങനെ വിശ്വസ്തർ വിശ്വസ്തരിൽ നിന്ന് റിപ്പോർട്ട് ചെയ്താണ് സുന്നത്തിന്റെ സമാഹാരങ്ങൾ ക്രോഡീകരിക്കപ്പെട്ടത്. അക്കാരണത്താൽ സ്ഥിരപ്പെട്ടതും പോരായ്മകളില്ലാത്തതുമാണ് പ്രവാചകചര്യ. സുന്നത്തിനെ വിമർശിക്കുകയും ഖുർആൻകൊണ്ട് മാത്രം കർമ്മങ്ങൾ ചെയ്യാമെന്ന് വിചാരിക്കുകയും ചെയ്യുന്നവൻ കാഫിറാകുന്നതാണ്. കാരണം അത് രണ്ടാം അടിസ്ഥാന പ്രമാണത്തെ നിഷേധിക്കലാകുന്നു.

അതായത് നിങ്ങൾ പ്രവാചകതിരുമേനി(ﷺ)യെ അനുസരിക്കരുത് അല്ലാഹുവിനെ മാത്രം അനുസരിക്കുക എന്ന് പറയുന്നത് പോലെയാണ് അവന്റെയവസ്ഥ യഥാർത്ഥത്തിൽ അല്ലാഹുവിനെയും അനുസരിക്കുന്നില്ല. കാരണം അല്ലാഹുവാണ് പ്രവാചകനെ അനുസരിക്കാൻ കൽപിച്ചത്. ഫലത്തിൽ അവൻ അ

ല്ലാഹുവിനോടും റസൂലി(ﷺ)നോടും അനുസരണക്കേട് കാണി ക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (الحشر : ٧ )

നിങ്ങൾക്ക് റസൂൽ(ﷺ) നൽകിയതെന്തോ അത് നിങ്ങൾ സ്വീക രിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. (ഹ ശ്റ് : 7)

(وَمَا يَنطِقُ عَنِ الْهَوَى) (إِنْ هُوَ إِلَّا وَحْيٌ يُوحَى) (النجم : ٣ و ٤ )

അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നില്ല അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ബോധനം മാത്രമാകു ന്നു അത് . (സൂറത്തുന്നജ്മ് : 3.4)

ഹദീസ് നിദാന ശാസ്ത്രത്തിൽ പാണ്ഡിത്യമില്ലാതെ ചി ല ഗ്രന്ഥങ്ങളിൽനിന്നും വാറോലകളിൽനിന്നും അറിവുനേടിയ ചിലർ സുന്നത്തുകൊണ്ട് കളിക്കുന്നതായികാണാം. അവർ ത ങ്ങളുടെ അഭീഷ്ടമനുസരിച്ച് സ്വഹീഹാക്കുകയും ദുർബലമാ ക്കുകയും ഹദീസിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഈ വി ഭാഗത്തെയാണ് ആദ്യം പറഞ്ഞവരേക്കാൾ കൂടുതൽ ഭയപ്പെടേ ണ്ടത്. കാരണം ആദ്യവിഭാഗത്തിന് തത്സംബന്ധമായി അറിവി ല്ല എന്ന് വ്യക്തമായിരുന്നു. എന്നാൽ ഇക്കൂട്ടർ അറിവുള്ളവരാ യി ചമഞ്ഞാണ് ജനസമക്ഷം പ്രത്യക്ഷപ്പെടുന്നത്. അല്ലാഹു അ തിൽ നിന്നും നമ്മെ കാത്തു രക്ഷിക്കട്ടെ.

നമുക്കേവർക്കും ഉപകാരപ്രദമായ അറിവ് കരസ്ഥമാക്കാ നും സൽകർമ്മം ചെയ്യാനും നേർവഴി തോന്നിപ്പിക്കാനുമുള്ള അവന്റെ അനുഗ്രഹത്തിനായി നാമവനോട് പ്രാർത്ഥിക്കുന്നു.

അല്ലാഹു സത്യം സത്യമായി ഗ്രഹിച്ച് അത് പിൻപറ്റാനും അസത്യം അസത്യമായി മനസ്സിലിക്കാനും അതിൽനിന്ന് വിട്ടു

നിൽക്കാനും തൗഫീക്ക് നൽകുമാറാകട്ടെ. തീർച്ചയായും അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാകുന്നു. നമ്മുടെ നബി (ﷺ)യുടെ മേൽ സലാത്തും സലാമുമുണ്ടാവട്ടെ. ആമീൻ.

**************

## ഉള്ളടക്കം


1. *സുന്നത്തിന്റെ നിർവ്വചനവും മഹത്വവും,*
2. *ഇസ്ലാമിൽ സുന്നത്തിനുള്ള സ്ഥാനം,*
3. *മുൻ'ഗാമികൾക്ക് സുന്നത്തിലുണ്ടായിരുന്ന സൂക്ഷ്മതയും കണിശതയും,*
4. *സുന്നത്തിനെ പിൻപറ്റാത്തവൻ മുസ്ലിമല്ല,*
5. *സുന്നത് പിൻപറ്റി ജീവിക്കുന്നവനു അല്ലാഹു നൽകുന്ന പ്രതിഫലം,*
6. *സുന്നത്തിനെ അവഗണിക്കുന്നവനുള്ള ശിക്ഷ,*
7. *ശത്രുക്കളുടെ സുന്നത്തിനെതിരെയുള്ള* കുതന്ത്രങ്ങൾ